ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ആകെ 184 സംഘങ്ങൾ സ്റ്റോറിൽ പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരം	67	തൃശ്ശൂർ	3
കൊല്ലം	25	പാലക്കാട്	9
ആലപ്പുഴ	19	കോഴിക്കോട്	31
കോട്ടയം	21	കണ്ണൂർ	9
എറണാകുളം	10		

(ബി) തിരുവനന്തപുരത്തുമാത്രം.

(സി) രൂപ 6,01,721.40

(ഡി) കെട്ടിടത്തിന്റെ പണികൾ പൂർത്തിയായി. പാസ്ചറൈസേഷനുള്ള യന്ത്രോപകരണങ്ങൾ അധിക പങ്കും വാങ്ങിക്കഴിഞ്ഞു. അവ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. 1964 മാർച്ച് മാസം അവസാനം പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ് : തിരുവനന്തപുരം പാൽവിതരണകേന്ദ്രത്തിൽനിന്ന് അൻപതിനായിരത്തിൽപരം രൂപ ധനാപഹരണം നടത്തിയ ഒരു സംഭവം പത്രങ്ങളിൽകണ്ടു. ധനാപഹരണം നടത്തിയ ആളെ സസ്പെൻഡുചെയ്തിരിക്കുന്നു എന്നും അയാളുടെ രണ്ടു കാറ് ജപ്തി ചെയ്തിരിക്കുന്നു എന്നും പത്രവാർത്ത കണ്ടു. ആ കേസ് ഇപ്പോൾ ഏതു നിലയിലാണിരിക്കുന്നത് ?

ശ്രീ. ഈ. പി. പൗലോസ് : അതു് ഇപ്പോൾ പോലീസിന്റെ ഇൻവെസ്റ്റിഗേഷനിലിരിക്കുകയാണ്. ചാർജ്ജ് കോർട്ടിൽ കൊടുത്തോ എന്നു ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ : വളരെയധികം വ്യാവസായികമായും മറ്റും വളർന്നുകൊണ്ടിരിക്കുന്ന എറണാകുളം, കൊച്ചി ഏരിയായിൽ പാൽവിതരണം നടത്തുന്നതിന് പ്രത്യേക വല്ല ഏർപ്പാടും ഉണ്ടോ ; അവിടെ പാസ്ച്ചറൈസേഷൻപ്ലാന്റ് സ്ഥാപിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളം പൂർത്തിയായി ?

ശ്രീ. ഈ. പി. പൗലോസ് : പ്രവർത്തനം നടന്നുവരുന്നുണ്ട്. അതിന്റെ കെട്ടിടം പണിയൊക്കെ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : തിരുവനന്തപുരം പാൽവിതരണ കേന്ദ്രത്തിൽനിന്ന് ധനാപഹരണം നടത്തിയ ഈ ക്യാഷ്യർ എത്ര ജാമ്യം ഈ സൊസൈറ്റിക്ക് കൊടുത്തിരുന്നു എന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : അതു് എത്ര തുകയാണെന്നു ഇപ്പോൾ പറയുക സാദ്ധ്യമല്ല. പ്രത്യേകമായി ചോദിച്ചാൽ പറയാം.

ഇൻസ്ട്രുമെന്റ് പദ്ധതികളും ബോണസ് കുറികളും

* 598. [13] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിന്റെ അനുവാദമില്ലാതെ പഴയ തിരുവിതാംകൂർ–കൊച്ചി അതിർത്തിയോട് തൊട്ടുകിടക്കുന്ന മലബാർ പ്രദേശത്ത് കുറികളും നടത്തുകയും പ്രധാനമായും തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു നിന്നുള്ളവരെ കുറിയിൽ ചേർക്കുകയും ചെയ്യുന്ന ഏർപ്പാട് ഇപ്പോഴും നടക്കുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ചാവക്കാട് താലൂക്കിലെ നാട്ടികയുടെ തെക്കൻ ഭാഗങ്ങളിൽ അത്തരം കുറികൾ ധാരാളമായി നടപ്പിലിരിക്കുന്നതായും പൊതുജനങ്ങൾ വഞ്ചിക്കപ്പെടുന്നതായുമുള്ള വിവരം ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

† Put by Shri. P. V. Kunhunni Nair

† Put by Shri. K. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇൻഡ്യൻ പീനൽകോഡ് 294 (എ) എന്ന വകുപ്പിൻപ്രകാരം അനധികൃതമായ ലോട്ടറിക്കച്ചവടം (ലാട്ടറീസ്) നടക്കുന്നതായറിഞ്ഞാൽ ഉടനെ നിയമാനുസൃതമായ നടപടികളെടുത്തുവരുന്നുണ്ട്. അതുകൂടാതെ മലബാർ പ്രദേശത്ത് തിരുവിതാംകൂർ—കൊച്ചി പ്രദേശത്തു നിലവിലുള്ള മാതിരി ചീട്ടി, കുറി മുതലായവയെ നിയന്ത്രിക്കുന്ന നിയമം ഇല്ല. നിയമനിരോധനമില്ലാത്ത കുറികൾ നടക്കുന്നുണ്ടെങ്കിൽ ഗവണ്മെൻറിന് നടപടിയെടുക്കുവാൻ നിവൃത്തിയില്ല. ഒരു ഏകീകൃത ചീട്ടി നിയമം കൊണ്ടുവരുവാൻ നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) ഇൻഡ്യൻ പീനൽകോഡ് 294 (എ) എന്ന വകുപ്പിൻപ്രകാരം അനധികൃതമായ ലോട്ടറിക്കച്ചവടം ധാരാളമായി നടപ്പിലിരിക്കുന്നതായി അറിവില്ല. വല്ലപ്പോഴും നടക്കുന്നതായി അറിഞ്ഞാൽ നിയമാനുസൃതമായ നടപടിയെടുക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ആറുകൊല്ലങ്ങൾക്കു മുൻപ് ഇങ്ങനെയൊരു ഏകീകരണ ബിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. എല്ലാവരും അതിനെ സ്വാഗതം ചെയ്യുകയുമുണ്ടായി. എന്തുകൊണ്ടെന്നാൽ മലബാർ ഭാഗത്ത് ഇങ്ങനെയൊരു നിയമമില്ല. അവിടെ മുൻപ് ഒരാൾ രണ്ടുലക്ഷംരൂപ ചീട്ടിക്കെന്നും പറഞ്ഞുകൊണ്ട് ശേഖരിച്ചിട്ട് നാടുവിട്ടതായ അനുഭവമുണ്ട്. അതുകൊണ്ട് ഇതു നിയന്ത്രിക്കാൻവേണ്ടി കഴിയുന്നത്രവേഗത്തിൽ ഈ ഏകീകരണനിയമം നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കിയെടുക്കാൻ ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : 1958-ൽ ഒരു ഏകീകരണ നിയമം കൊണ്ടുവന്നിരുന്നതാണ്. ആ നിയമസഭ അവസാനിച്ചപ്പോൾ അതു ലാപ്സായിപ്പോയി പിന്നൊരു നിയമമുണ്ടാക്കുകയും അതിന്റെ ഡ്രാഫ്റ്റു് ഇപ്പോൾ ഗവണ്മെൻറിന്റെ പരിശോധനയിലിരിക്കുകയുമാണ്. അതു് ഇൻഡ്യാഗവണ്മെൻറിനു് റഫർ ചെയ്യണമോ എന്നുള്ള കാര്യത്തെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. കഴിയുന്നത്രവേഗത്തിൽ അതു് നിയമമാക്കാൻ ശ്രമിയ്ക്കുന്നതാണ്.

Rescue Shelter Homes

* 599. [14] ശ്രീ. പി. എസ്സ്. കാർത്തികേയൻ : † താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര Rescue Shelter Homes ഉണ്ടു് ; എവിടെയെല്ലാം ;

(ബി) അവയിൽ എല്ലാംകൂടി ആകെ എത്ര inmates ഉണ്ടു് ;

(സി) അവക്കു് എന്തെങ്കിലും തൊഴിൽ പരിശീലനത്തിനു സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം തൊഴിലുകളിലാണു് പരിശീലനം നൽകുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) എറണാകുളത്തു് ഒരു റസ്ക്യൂഹോമും മറ്റുള്ള ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ റസ്ക്യൂ ഷെൽട്ടറും വീതമുണ്ടു്.

(ബി) 147 സ്ത്രീകളും 56 കുട്ടികളുമുണ്ടു്.

(സി) തുന്നൽ, തയ്യൽ, നൂൽനൂൽപ്പു്, കവർ നിർമ്മാണം, പായ്നെയ്ത്തു്, കുട്ടനിർമ്മാണം മുതലായ കൈത്തൊഴിലുകളിൽ അന്തേവാസികളുടെ അഭിരുചിക്കനുസരണമായി പരിശീലനം നൽകുന്നുണ്ടു്.

† Put by Shri. P. Madhavan.

LIBRARY ARCHIVES Kerala Legislative Assembly